**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1921** **13.06.2019-ന് മറുപടി നൽകേണ്ടിയിരുന്നത്**

# വോട്ടർപ്പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവർ

**ചോദ്യം** **മറുപടി**

ശ്രീ. പി.കെ. ബഷീർ

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | 2019-ലെ പൊതു തെരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇങ്ങനെ ഒഴിവാക്കപ്പെട്ടവരിൽ സമ്മതിദാനാവകാശത്തിന് അർഹരായവർ ഉൾപ്പെട്ടിരുന്നോ ; എങ്കിൽ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2019 (Special Summary Revision - SSR 2019) ന്റെ ഭാഗമായി അന്തിമ വോട്ടർ പട്ടിക 30.1.2019-ൽ പ്രസിദ്ധീകരിച്ചതിനുശേഷം തുടർ പുതുക്കൽ (Continuous Revision) കാലഘട്ടത്തിൽ സമ്മതിദായക പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. സമ്മതിദായക പട്ടികയിൽ പേര് ഇരട്ടിക്കൽ, സമ്മതിദായകൻ താമസം മാറിപോകുക , മരണം സംഭവിക്കുക തുടങ്ങിയ സാഹചര്യങ്ങളിലാണ് ബി.എൽ.ഒ. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വോട്ടർമാരെ സമ്മതിദായക പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവരിൽ സമ്മതിദാനാവകാശത്തിന് അർഹരായവർ ഉൾപ്പെട്ടതായി ഇലക്ഷൻ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി)<br><br><br><br><br><br><br>സി) | ഇങ്ങനെ ഒഴിവാക്കപ്പെട്ടവർക്ക് നിയമ പ്രകാരം നോട്ടീസ് ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കുമോ; ഇപ്രകാരം നോട്ടീസ് നൽകുന്നതിന് ചുമതല പ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;<br><br>നോട്ടിസ് നൽകാതെ സ്ഥിരതാമസക്കാരായ സമ്മതിദായകരെ ഒഴിവാക്കിയ നടപടിക്കെതിരെ കമ്മീഷൻ എന്ത് നടപടി സ്വീകരിച്ചു; | (ബി) യും (സി) യും | സമ്മതിദായക പട്ടികയിൽ നിന്നും പേര് നീക്കം ചെയ്തു എന്ന് ആരോപിച്ച് ലഭിച്ചിട്ടുള്ള പരാതികൾ ചീഫ് ഇലക്ടറൽ ഓഫീസർ പരിശോധിച്ചുവരികയാണ്. പേര് നീക്കം ചെയ്യപ്പെടുന്നതിന് മുമ്പ് പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധനയ്ക്ക് ശേഷം മാത്രമേ കണ്ടെത്തുവാനും, ഉചിതമായ നടപടി സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ.. ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ് എന്ന് ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| ഡി)<br><br><br><br><br><br><br>ഇ) | വോട്ടർ പട്ടികയിൽ ഇരട്ടിപ്പ് സംഭവിച്ചതിൽ ഡാറ്റ എൻട്രി ചെയ്തതിൽ പാകപിഴ സംഭവിച്ചിട്ടുണ്ടോ; ഒരു സമ്മതിദായകന്റെ വിവരം ഉൾക്കൊള്ളിക്കാൻ എത്ര രൂപയാണ് പ്രസ്തുത ഏജൻസിക്ക് നൽകുന്നത്;<br><br>ഏത് ഏജൻസിയെയാണ് ഡാറ്റ എൻട്രി ജോലികൾക്ക് നിയോഗിച്ചിരിക്കുന്നത്; ഡാറ്റ എൻട്രി ജോലികൾ പൂർത്തിയാക്കിയശേഷം വെരിഫൈ ചെയ്തിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) യും (ഇ) യും | സംസ്ഥാനത്ത് സമ്മതിദായക പട്ടികയിൽ പേര് ചേർക്കുന്നതിനും മറ്റ് മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കുന്നത്. നാഷണൽ വോട്ടേഴ്സ് സർവ്വീസ് പോർട്ടൽ (NVSP) എന്ന കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് പോർട്ടലിലൂടെയാണ് അപേക്ഷ സമർപ്പിക്കുന്നത്.<br><br>സമ്മതിദായക പട്ടിക പുതുക്കലും മറ്റ് മാറ്റങ്ങൾ വരുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നത് സ്റ്റേറ്റ് ലെവൽ ഏജൻസിയായ കെൽട്രോൺ ആണ്. സമ്മതിദായക പട്ടിക തയ്യാറാക്കുവാനും പുതുക്കുവാനുമുള്ള നിയമപരമായ അധികാരി ഇ.ആർ.ഒ.-ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (തഹസിൽ4 ദാർ) ആയതിനാൽ സമ്മതിദായക പട്ടികയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും |

| | | | |
|---|---|---|---|
| | | | ഇ.ആർ.ഒ. യുടെ ചുമതലയിലാണ് നടക്കുന്നത് എന്ന് ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | സമ്മതിദായക പട്ടികയുടെ തുടർ പുതുക്കൽ കാലഘട്ടത്തിൽ ഒഴിവാക്കപ്പെട്ടവർ |
|---|---|
| തിരുവനന്തപുരം | 2233 |
| കൊല്ലം | 1538 |
| ആലപ്പുഴ | 1011 |
| പത്തനംതിട്ട | 225 |
| കോട്ടയം | 985 |
| ഇടുക്കി | -- |
| എറണാകുളം | 2031 |
| തൃശ്ശൂർ | 1643 |
| പാലക്കാട് | 7599 |
| മലപ്പുറം | 1775 |
| കോഴിക്കോട് | 2386 |
| വയനാട് | 320 |
| കണ്ണൂർ | 2312 |
| കാസർഗോഡ് | 1511 |
| **ആകെ** | **25569** |

സെക്ഷൻ ഓഫീസർ